ഈ പ്രശ്നം ഞാൻ ഉന്നയിച്ചപ്പോഴും അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ മറുപടി പറഞ്ഞത്, പദ്ധതി 1994-ൽ ആരംഭിച്ച് 1997-ൽ അതിന്റെ ഒന്നാംഘട്ടം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുമെന്നായിരുന്നു. എന്നാൽ ഈ കാര്യത്തിൽ ഒരഞ്ചുപോലും മുന്നോട്ട് പോയിട്ടില്ല. പദ്ധതിക്ക് ആവശ്യമായ പ്രാഥമിക സൗകര്യം സ്റ്റേറ്റ് ഗവൺമെന്റ് ചെയ്യേണ്ടതാണ്. 1993-നുശേഷം ഒന്നും അവിടെ നൽകിയിട്ടില്ല. നേവൽ അക്കാഡമിക്കുവേണ്ടി കേന്ദ്രവും ഈ ഗവൺമെന്റും ഒന്നും ചെയ്തിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി ഈ പ്രശ്നം ഗവൺമെന്റ് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, നാവിക അക്കാഡമിയുടെ പ്രവർത്തനം കാര്യമായി നടക്കാത്തതിൽ കേരള ഗവൺമെന്റിനും ശക്തമായ പരാതി ഉണ്ട്. ഈ കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. നാവിക അക്കാഡമിയുടെ പ്രവർത്തനത്തിൽ നാം ചെയ്യേണ്ട കാര്യങ്ങളും ഭൂമി നൽകൽ, ജലവിതരണം, വൈദ്യുതി വിതരണം, റോഡുകളും, പാലങ്ങളും എന്നിവ നിർമ്മിക്കൽ തുടങ്ങിയ പരിപാടികളാണ്. നാം ചെയ്യാമെന്നു പറഞ്ഞ കാര്യങ്ങളെല്ലാം മുഴുവൻ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇനിയും ചില കാര്യങ്ങൾകൂടി പൂർത്തീകരിക്കാനുണ്ട്. അത് എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യും. ഇതിന്റെ പ്രാഥമിക ഘട്ടത്തിനുവേണ്ടി 94 കോടി രൂപ മതിപ്പ് ചെലവുള്ള പദ്ധതിക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരമായിട്ടുണ്ട്. ഈ പദ്ധതി കൂടുതൽ വേഗതയിൽ പൂർത്തിയാക്കാൻ കേന്ദ്രത്തിൽ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ എല്ലാ സമ്മർദ്ദവും ചെലുത്തുന്നതാണ്.

(10) മത്തായിയും കുടുംബവും കൊല ചെയ്യപ്പെട്ട സംഭവം

ശ്രീ. എസ്. ശർമ്മ: സർ, 1996 ജനുവരി 16-ാം തീയതി അർദ്ധരാത്രിയാണ് എറണാകുളം ജില്ലയിലെ കുന്നത്തുനാട്ടിൽ പട്ടിമറ്റത്ത് മത്തായിയും അദ്ദേഹത്തിന്റെ ഭാര്യയും രണ്ട് പെൺമക്കളും ഉൾപ്പെടുന്ന നാലംഗ കുടുംബത്തെ അതിദാരുണമായി കൊലചെയ്യപ്പെട്ടത്. നാടിനെ നടുക്കിയ ഈ കൊലപാതകം നടന്നിട്ട് രണ്ടുമാസം പിന്നിടുകയാണ്. ലോക്കൽ പോലീസ് ഈ കേസ് തേച്ച്മാച്ച് കളയുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഇതൊരു കൂട്ടക്കൊലപാതകമാണെന്ന് ബന്ധുക്കളും നാട്ടുകാരും ഉറച്ച് വിശ്വസിക്കുകയാണ്. ലോക്കൽ പോലീസിന്റെ സമീപനം തീർച്ചയായും ഈ കേസ് ഇല്ലാതാക്കുന്നതിനുവേണ്ടിയാണ് എന്ന സംശയമാണ് ജനങ്ങൾക്കുള്ളത്. മത്തായിയും കുടുംബാംഗങ്ങളും കൊലചെയ്യപ്പെട്ട ദിവസം ഉച്ചയ്ക്ക് തൊട്ടടുത്ത മത്തായിയുടെ വീട്ടിലേക്ക് റിട്ടയേർഡ് എഞ്ചിനീയർ മത്തായിയുടെ വീടാണെന്ന് കരുതി ഒരു അജ്ഞാത ഫോൺ സന്ദേശം ലഭിച്ചിരുന്നു. അന്നുതന്നെ പാതിരാത്രി 10 മണിയോടുകൂടി മത്തായിയുടെ വീട് അന്വേഷിച്ച് ഒരുസംഘം അപരിചിതർ കാറിൽ ചെന്നതും അന്ന് രാത്രി ഒരുമണിക്ക് കാറിൽ ഒരുസംഘം കടയിരുപ്പ് ആശുപത്രി ജംഗ്ഷൻ വഴി ആലുവായിലേക്ക് വഴി ചോദിച്ചതും ഉൾപ്പെടെയുള്ള സാഹചര്യങ്ങളിൽനിന്ന് ഇത് ഒരുസംഘം ആളുകൾ നടത്തിയിട്ടുള്ള കൊലപാതകമാണെന്നുള്ള ജനങ്ങളുടെ സംശയം ബലപ്പെടുത്തുകയാണ്. ഭാര്യയുടേയും

LIBRARY ARCHIVES Kerala Legislative Assembly

രണ്ട് പെൺമക്കളുടേയും ജഡം സ്വീകരണമുറിയിലും മത്തായിയുടെ ജഡം ശിരസ്സറ നിലയിൽ സമീപത്തെ കിണറ്റിലുമാണ് കാണപ്പെട്ടത്. മത്തായിയുടെ മുഖത്ത് നാല് സെൻറീമീറ്റർ ആഴമുള്ള ഒരു വലിയ മുറിവും ചുരുട്ടിയ നിലയിൽ മുകളിലേക്ക് ഇരുന്ന ഉള്ളംകൈ രണ്ടിലും നിറയെ മുറിവുകളും ഉണ്ടെന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നു. എന്നാൽ മത്തായിക്ക് പരിക്ക് ഒന്നും ഇല്ലെന്നാണ് ലോക്കൽ പോലീസ് പറയുന്നത്. അങ്ങേയറ്റം അപമാനകരമാണ്. കൊലപാതകമാണെന്നുള്ള വിലപ്പെട്ട തെളിവുകൾ ഇതിനകം കിട്ടിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഞെട്ടിപ്പിക്കുന്ന ഈ കൊലപാതകത്തിന് ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്യാനും കൽത്തുറുങ്കിലടയ്ക്കാനും ഇതിന്റെ യഥാർത്ഥ വസ്തുത പുറത്തുകൊണ്ടുവരുന്നതിനും അന്വേഷണ വിഭാഗത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ച ഈ ഞെട്ടിപ്പിച്ച സംഭവത്തിന്റെ യഥാർത്ഥ വിവരം പുറത്ത് കൊണ്ടുവരുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: നിയോജകമണ്ഡലം എം. എൽ. എ. ആയ ശ്രീ. ടി. എച്ച്. മുസ്തഫയും ശ്രീ. ജോർജ് ഈഡൻ എം. എൽ. എ.-യും അതിനെപ്പറ്റി സബ്മിഷൻ തന്നിട്ടുണ്ട്.

ശ്രീ. ജോർജ്ജ് ഈഡൻ: സർ, ബഹുമാനപ്പെട്ട ശർമ്മ ഉന്നയിച്ച എല്ലാ പ്രശ്നങ്ങളോടും അദ്ദേഹം പറഞ്ഞ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. പട്ടിമറ്റത്ത് ശ്രീ. മത്തായിയുടേയും കുടുംബത്തിന്റെയും ദാരുണമായ, ദുരൂഹമായ മരണം കൊലപാതകമാണെന്നുതന്നെയാണ് നാട്ടുകാർ വിശ്വസിക്കുന്നത്. രണ്ട് മാസം കഴിഞ്ഞിട്ടും അന്വേഷണത്തിൽ യാതൊരു തുമ്പും ഉണ്ടായിട്ടില്ല. പോലീസ് പറയുന്നത് ഇത് ആത്മഹത്യയാണെന്നാണ്. മത്തായി ഭാര്യയേയും മക്കളേയും വെട്ടി കൊന്നതിനുശേഷം സ്വയം തലവെട്ടി കിണറ്റിൽ ചാടിയെന്നാണ് പോലീസ് പറയുന്നത്. ഇത്ര യുക്തിഹീനമായ ഒരു ഫൈൻഡിംഗ് ആണ് പോലീസിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ളത്. നാട്ടുകാർ ഇത് കൊലപാതകമാണെന്നാണ് പറയുന്നു. അതിനെ സംബന്ധിച്ച് സി. ബി. ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, പട്ടിമറ്റത്തെ സംഭവത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ശർമ്മ ഇവിടെ സംസാരിച്ചു. ശ്രീ. ജോർജ് ഈഡനും അദ്ദേഹത്തിന്റെ ശക്തമായ വികാരം പ്രകടിപ്പിച്ചു. ഈ സഭയിൽ ഇല്ലെങ്കിലും നിയോജകമണ്ഡലം എം. എൽ. എ. ശ്രീ. മുസ്തഫ ഇതുസംബന്ധിച്ച് ആ പ്രദേശത്തുള്ള നാട്ടുകാരുടെ അമർഷം ചൂണ്ടിക്കാണിച്ചുകൊണ്ട് വിശദമായ ഒരു കത്തും അയച്ചിട്ടുണ്ട്. ഇപ്പോഴും പോലീസ് അത് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ സഭയിൽ ഉയർന്നുവന്ന വികാരംകൂടി കണക്കിലെടുത്തുകൊണ്ട് വിശദമായി ഒന്നുകൂടി അന്വേഷിക്കാനും അന്വേഷണം ഊർജ്ജിതപ്പെടുത്താനും ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly